**ഹയർ സെക്കണ്ടറി ഡയറക്ടറുടെ കാര്യാലയം,ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം**

നം. എസിഡി.എസ്പിസി(4)/109288/2018/എച്ച്എസ്ഇ          തീയതി: 04.04.2019

# സർക്കുലർ

**വിഷയം :- ഹയർസെക്കണ്ടറി വിദ്യാഭ്യാസം - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - 2019-20 അധ്യയനവർഷം സംഘടിപ്പിക്കുന്ന പ്രധാന ഐ.സി.ടി പരിശീലനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്**

സൂചന:- കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.03.2019ലെ KITE/2018/1234(12) നമ്പർ കത്ത്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഹയർ സെക്കണ്ടറി അധ്യാപകർക്ക് വിഷയാധിഷ്ഠിത ഐ.സി.ടി പരിശീലനം നൽകുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. നാലു ദിവസത്തെ പ്രസ്തുത പരിശീലനം 2019 മെയ് മുതൽ ആരംഭിക്കും. പരിശീലനങ്ങളെ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങള് പുറപ്പെടുവിക്കുന്നു:

1. ഹയർ സെക്കണ്ടറി വിഭാഗത്തിലെ അധ്യാപകർക്കായുള്ള വിഷയാധിഷ്ഠിത ഐ.സി.ടി പരിശീലനങ്ങൾ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ഒരുക്കുന്നതാണ്. ടി പരിശീലനത്തിൽ എല്ലാ അധ്യാപകരും പങ്കെടുക്കേണ്ടതാണ്.
2. കൈറ്റ് തയാറാക്കി എസ്.സി.ഇ.ആർ.ടി. അംഗീകരിച്ച മൊഡ്യൂൾ ഉപയോഗിച്ചാണ് പരിശീലനം. കൈറ്റ് നല്കുന്ന എസ്.ആർ.ജി./ഡി.ആർ.ജി പരിശീലനങ്ങൾ ഫലപ്രദമായി പൂർത്തിയാക്കിയവരായിരിക്കണം അധ്യാപക പരിശീലനം നടത്തേണ്ടത്.
3. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകരുടെ എണ്ണം 15 വരെ ഒന്നും അതിനുമുകളിൽ രണ്ടും എന്ന ക്രമത്തിൽ പരിശീലകരെ ക്രമീകരിക്കേണ്ടതാണ്.
4. ഒരു ബാച്ചിൽ 30 അധ്യാപകർക്കാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. അധ്യാപകരുടെ സൗകര്യാർത്ഥം പരിശീലനകേന്ദ്രവും ബാച്ചും ഏത് ജില്ലയിലും തിരഞ്ഞെടുക്കാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന

അധ്യാപകർക്കായിരിക്കും മുൻഗണന. ഒരു ബാച്ചിലേക്ക് മതിയായ എണ്ണം അധ്യാപകർ ഇല്ലെങ്കിൽ പ്രസ്തുത ബാച്ച് റദ്ദ് ചെയ്ത് മറ്റ് കേന്ദ്രങ്ങളിലേക്ക് പരിശീലനം ക്രമീകരിക്കുന്നതായിരിക്കും.

5. അവധിക്കാല പരിശീലനങ്ങൾക്കായി പ്രത്യേക ഓൺലൈൻ രജിസ്ട്രേൻ സൗകര്യം www.kite.kerala.gov.in-ലെ Training Management System 2019-ൽ കൈറ്റ് ഏർപ്പെടുത്തിയിട്ടുണ്ട് (ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതു സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ കൈറ്റ് പ്രത്യേകം പുറപ്പെടുവിക്കേണ്ടതാണ്).
6. വിവിധ വിഷയങ്ങളെ കൂട്ടിച്ചേർത്ത് പൊതു മൊഡ്യൂൾ തയാറാക്കിയാണ് പരിശീലനം. വിഷയഗ്രൂപ്പുകളുടെ പട്ടിക താഴെ നൽകിയിരിക്കുന്നു. ഈ വിഷയഗ്രൂപ്പുകളിൽപ്പെട്ട ഹയർസെക്കണ്ടറി അധ്യാപകർ കൈറ്റ് നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്:

| ക്രമ നം. | വിഷയഗ്രൂപ്പ് | ഗ്രൂപ്പിൽ ഉൾപ്പെടുന്ന വിഷയങ്ങൾ |
|---|---|---|
| 1 | Economics | Economics and Statistics |
| 2 | Geography | Geography and Geology |
| 3 | Social Science | Economics, Economics ഒഴികെയുള്ള എല്ലാ ഹ്യൂമാനിറ്റീസ് വിഷയങ്ങളും (History, Political Science, Sociology, Journalism, Anthropology, Psychology, Social Work, etc.) |
| 4 | Malayalam | Malayalam only |
| 5 | English | English only |
| 6 | Other Languages | Malayalam, English ഒഴികെയുള്ള എല്ലാ ഭാഷാ വിഷയങ്ങളും |
| 7 | Commerce | Commerce, Business Studies and All accounting subjects |
| 8 | Chemistry | Chemistry only |
| 9 | Physics | Physics only |
| 10 | Mathematics | Mathematics only |
| 11 | Biology | Zoology and Botany |
| 12 | CA/CS | Computer Science and Applications |

7. അവധിക്കാല അധ്യാപകപരിശീലനത്തിന് ജില്ലയിലെ എല്ലാ അധ്യാപകരുടേയും വിശദാംശങ്ങൾ സമയബന്ധിതമായി ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ആർ.ഡി.ഡി./കൈറ്റ് ജില്ലാ കോർഡിനേറ്റർ പരിശോധിച്ച് ഉറപ്പ്

വരുത്തേണ്ടതാണ്.

8. കൈറ്റിന്റെ നേതൃത്വത്തിൽ ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്. കൈറ്റിന്റെ ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ, സെക്കണ്ടറി, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി കമ്പ്യൂട്ടർ ലാബുകൾ, അസാപ് ലാബുകൾ, സ്മാർട്ട് ക്ലാസ്സ് മുറികൾ എന്നിവ പരിശീലന കേന്ദ്രങ്ങളായി ഉപയോഗപ്പെടുത്തേണ്ടതാണ്.
9. ഓരോ അധ്യാപകർക്കും ഒരു ലാപ്ടോപ്പ് എന്ന ക്രമത്തിൽ പരിശീലനം ക്രമീകരിക്കേണ്ടതാണ്. പങ്കെടുക്കുന്ന അധ്യാപകർ ടെക്സ്റ്റ് ബുക്ക്, ടീച്ചേഴ്സ് ടെക്സ്റ്റ് എന്നിവയോടൊപ്പം IT@School_GNU/Linux_18.04 ഓപ്പറേറ്റിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്ത സ്വന്തം ലാപ്ടോപ്പോ സ്വന്തം സ്കൂളിലേതോ സമീപത്തുള്ള ഏതെങ്കിലും സ്കൂളുകളിൽ നിന്നോ ഉള്ള ലാപ്ടോപ്പോ സഹിതം പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.
10. പരിശീലനസമയം രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെയായിരിക്കും. റിസോഴ്സ് അധ്യാപകർ പരിശീനം ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പ് പരിശീലന കേന്ദ്രത്തിൽ എത്തേണ്ടതാണ്. പങ്കെടുക്കുന്ന അധ്യാപകർ മുഴുവൻ സമയവും പരിശീലന കേന്ദ്രത്തിലുണ്ടെന്ന് റിസോഴ്സ് അധ്യാപകർ ഉറപ്പു വരുത്തേണ്ടതാണ്.

**<u>പരിശീലന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ</u>**

1. കൈറ്റിന്റെ വെബ്സൈറ്റിൽ (www.kite.kerala.gov.in) Services എന്ന മെനുവിൽ Training Management System 2019ൽ ലോഗിൻ ചെയ്ത് പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ആയത് സ്കൂളുകൾക്ക് ലഭ്യമാക്കേണ്ടതാണ്. സ്കൂളുകൾക്ക് ലോഗിൻ ചെയ്യാനുള്ള User Name -ഉം Password -ഉം ലഭിക്കുന്നതിന് കൈറ്റിന്റെ ജില്ലാ ഓഫിസിൽ ബന്ധപ്പെടേണ്ടതാണ്.
2. ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഹോം പേജിലെ ഐ.സി.ടി രജിസ്ട്രേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ അതാത് സ്കൂളിലെ അധ്യാപകരുടെ ലിസ്റ്റ് കാണാവുന്നതാണ്. ലിസ്റ്റിലില്ലാത്ത അധ്യാപകരെ കൂടി പ്രിൻസിപ്പൽമാർ ട്രെയ്നിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.
3. സ്കൂളുകളിലെ മുഴുവൻ അധ്യാപകരുടേയും പേരിന് നേരെ Name of bank, Account No, Name of branch, IFSC Code, Mobile Phone No. എന്നിവ ചേർത്ത് ലിസ്റ്റ് അപ്ഡേറ്റ് ചെയ്യാൻ പ്രിൻസിപ്പൽമാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. സമഗ്രയിൽ അംഗത്വമുള്ള അധ്യാപകർ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ, സമഗ്രയിലെ ലോഗിൻ ഉപയോഗിച്ച്

തങ്ങളുടെ പരിശീലന കേന്ദ്രം, ബാച്ച് എന്നിവ തെരഞ്ഞെടുക്കേണ്ടതാണ്.

5. ആർ.ഡി.ഡി.മാർ/കൈറ്റ് ജില്ലാ കോർഡിനേറ്റർമാർ പരിശീലന കേന്ദ്രങ്ങൾ സന്ദർശിക്കേണ്ടതും മൊഡ്യൂളിന് അനുസൃതമായാണ് പരിശീലനം നടക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതും ആവശ്യമായ ഉപദേശ/നിർദേശങ്ങൾ നൽകേണ്ടതുമാണ്.
6. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകരുടെ ഹാജർ, അറ്റൻഡൻസ്, ഡ്യൂട്ടി സർട്ടിഫിക്കറ്റ് തുടങ്ങിയ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽനിന്ന് ജനറേറ്റ് ചെയ്താണ് ഉപയോഗിക്കേണ്ടത്. ഓരോ ബാച്ചിലും പരിശീലനത്തെക്കുറിച്ചുള്ള അധ്യാപകരുടെ ഫീഡ്ബാക്ക് ശേഖരിക്കേണ്ടതും ആയത് ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ അതത് പരിശീലകർ കൃത്യമായി ഉൾപ്പെടുത്തേണ്ടതുമാണ്.

ഒപ്പ്

**ഡയറക്ടർ**

എല്ലാ ആർ.ഡി.ഡി. മാർക്കും,
എല്ലാ ഹയർ സെക്കണ്ടറി സ്കൂൾ
പ്രഥമാധ്യാപകർക്കും
(കൈറ്റ് ജില്ലാ കോർഡിനേറ്റർ മുഖേന)